# ഒരുക്കം

## ACADEMIC MASTER PLAN

ജി.എം.എൽ.പി.എസ്. ഒ.കെ.മുറി

നെല്ലിപ്പറമ്പ് 2025-26

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025 - 26

## ജി.എം.എൽ.പി.സ്കൂൾ
## ഊരകം കിഴ്മുറി
## (നെല്ലിപ്പറമ്പ്)

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും.

എല്ലാ പ്രവർത്തനങ്ങളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ജി.എം.എൽ.പി. സ്കൂൾ ഊരകം കിഴ്മുറി. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയത്തിന്റെ മികവ് തുടർന്നു കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവം സമർപ്പിക്കട്ടെ,

ഹെഡ്മാസ്റ്റർ.

# സ്കൂൾ ഭരണസമിതി

ഹെഡ്മാസ്റ്റർ : ശ്രീമതി. രാഗിണി ടീച്ചർ

SRG കൺവീനർ : ശ്രീ. സക്കരിയ മാസ്റ്റർ

സ്റ്റാഫ് സെക്രട്ടറി : ശ്രീ. അബ്ദുറഷീദ് മാസ്റ്റർ

പി.ടി.എ പ്രസിഡന്റ് : ശ്രീ. ശിഹാബ് ചെനക്കൽ

SMC ചെയർമാൻ : ശ്രീ. ഉമ്മർഹാജി

MTA പ്രസിഡന്റ് : ശ്രീമതി. പ്രവീള

മറ്റ് അധ്യാപകർ : അബ്ദുറഹിമാൻ പള്ളിത്തൊടി (സീനിയർ അസിസ്റ്റന്റ്)

സക്കരിയ മാസ്റ്റർ

രജിത്ര ടീച്ചർ

ശ്രീജ ടീച്ചർ

ജിഷ ടീച്ചർ

സംഗീത ടീച്ചർ

നഷീദ ടീച്ചർ

ഖൈറുന്നീസ ടീച്ചർ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എം.എൽ.പി. സ്കൂൾ ഊരകം കീഴ്മുറി. |
| മേൽവിലാസം | : ഊരകം കീഴ്മുറി, നെല്ലിപ്പറമ്പ് വേങ്ങര, മലപ്പുറം. 676519 |
| ഫോൺ | : 04942450488 |
| സ്കൂൾ കോഡ് | : 19824 |
| വിദ്യാഭ്യാസ ഉപജില്ല | : വേങ്ങര. |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം. |
| റവന്യൂ ജില്ല | : മലപ്പുറം. |
| ബി.ആർ.സി | : വേങ്ങര. |
| സി.ആർ.സി | : ജി.എൽ.പി. സ്കൂൾ ഊരകം കീഴ്മുറി |
| ഗ്രാമപഞ്ചായത്ത് | : ഊരകം |
| ബ്ലോക്ക് പഞ്ചായത്ത് | : വേങ്ങര |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം. |
| താലൂക്ക് | : തിരൂരങ്ങാടി |
| ഇ-മെയിൽ | : gmlpsokmuri@gmail.com. |
| സ്കൂൾ വിക്കി | : |
| നിയമസഭാ മണ്ഡലം | : വേങ്ങര |
| ലോകസഭാ മണ്ഡലം | : മലപ്പുറം. |

# ജി.എം.എൽ.പി. സ്കൂൾ
# ഊരകം കീഴ്മുറി.

മലപ്പുറം ജില്ലയിലെ വേങ്ങര ഉപജില്ലയിൽ ഊരകം ഗ്രാമപഞ്ചായത്തിൽ നെല്ലിപ്പറമ്പ് എന്ന നയന മനോഹര ഗ്രാമത്തിലാണ് ജി.എം.എൽ.പി. സ്കൂൾ ഊരകം കീഴ്മുറി സ്ഥിതി ചെയ്യുന്നത്. ഇതൊരു സർക്കാർ വിദ്യാലയമാണ്.

1927ൽ മമ്പീതിയിൽ വള്ളിക്കാടൻ മൂന്നാലിയുടെ സ്ഥലത്ത് വാടകക്കെട്ടിടത്തിൽ ഓത്തുപള്ളിയായാണ് സ്കൂൾ തുടങ്ങിയത്. ഊരകത്തിന്റെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പുരോഗതിക്കു അടിത്തറയേകാൻ ഈ വിദ്യാലയം പ്രധാന പങ്കു വഹിച്ചുട്ടുണ്ട്.

വിവിധ മേഖലകളിൽ പ്രശസ്തരായ പല വ്യക്തിത്വങ്ങളും ഈ സ്കൂളിന്റെ സന്തതികളാണ്. സമീപ പ്രദേശങ്ങളിലെ മറ്റേതൊരു വിദ്യാലയത്തെയും പിന്നിലാക്കുന്ന തരത്തിലുള്ള പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളും ഭൗതിക സൗകര്യങ്ങളുമാണ് നമ്മുടെ സ്കൂളിനെ മികച്ചതാക്കുന്നത്. ഹൈടെക് ക്ലാസ്മുറികളും ശിശു സൗഹൃദ പഠനമുറികളും വിശാലമായ കളിസ്ഥലവും സ്കൂളിൽ കുട്ടികൾക്കായി ഒരുക്കി കഴിഞ്ഞു.

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി നിറഞ്ഞു നിൽക്കുന്ന സ്കൂളിന്റെ അമരക്കാരൻ പ്രധാന അധ്യാപകനായ ശ്രീ. അബ്ദുറഷീദ് മാസ്റ്ററാണ്. നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ മനസ്സും ശരീരവും സ്കൂളിനായി സമർപ്പിച്ചിരിക്കുകയാണ് അദ്ദേഹം.

വിദ്യാലയ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാം തന്നെ പൂർണ്ണ പിന്തുണയുമായി പി.ടി.എ അംഗങ്ങളും, പൂർവ്വവിദ്യാർത്ഥികളും, നാട്ടുകാരും രക്ഷിതാക്കളും കൂടെത്തന്നെയുണ്ട്.

പ്രഗത്ഭരായ അധ്യാപകരാണ് നമ്മുടെ സ്കൂളിന്റെ മറ്റൊരു മികവ്. കുട്ടികളെ അഭിരുചിയൊത്ത് വിദ്യ അഭ്യസിപ്പിക്കുവാൻ സദാസമയവും കർമനിരതരായി പ്രവർത്തിക്കുന്നവരാണ് നമ്മുടെ സ്കൂളിലെ അധ്യാപകർ.

ഈ വർഷം സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അവർ നേടേണ്ട അടിസ്ഥാന ശേഷികളും നൈപുണികളും നേടാനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും രൂപപ്പെടുത്തിയിട്ടുണ്ട്.

# അക്കാദമികം - നേട്ടങ്ങൾ / പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം. | • സ്ഥിരം അധ്യാപകരുടെ കുറവ് കുട്ടികളുടെ അക്കാദമിക് മികവിനെ സാരമായി ബാധിക്കുന്നു |
| • മികച്ച ലൈബ്രറി, ശാസ്ത്ര ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം. | • വായനക്ക് നല്ല പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും സ്വന്തമായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ് |
| • കലാപഠനം, പ്രവൃത്തി പരിചയം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • കലാ-കായിക പരിശീലനം ലഭിച്ച വിദഗ്ധ അധ്യാപകരില്ല |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'വിജയസ്പർശം' എന്ന പേരിൽ പ്രത്യേക പരിശീലനം | • പ്രവൃത്തി പരിചയ സാമഗ്രികളും ആരോഗ്യശീലങ്ങളും വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ അപര്യാപ്തമാണ് |
| • പത്തോളം കുട്ടികൾക്ക് LSS സ്കോളർഷിപ്പുകൾ | • സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതപ്പെട്ടതാണ് |
| • കുട്ടികളുടെ കഴിവുകൾ ഉത്തേജിപ്പിക്കാനുള്ള സ്കൂൾ അസംബ്ലി | • "അക്കാദമിക് മികവ് വിദ്യാലയ മികവ്" എന്ന ആശയത്തിന് മുൻതൂക്കം നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട് |
| • വാർത്താ വായന, ദിനാചരണങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവ | |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും അനന്യനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി അവരെ മുൻപന്തിയിലെത്തിക്കും.

6. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം ഇടങ്ങിയവ കൃത്യമായി നടപ്പിലാക്കും.

7. സ്കൂളിനൊരു പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ശലഭോദ്യാനം എന്നിവ നിർമിച്ച് മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കും.

8. വായന പരിപോഷിപ്പിക്കുന്നതിനായി എല്ലാ ക്ലാസുകളിലും വായനമൂല നിർമ്മിക്കുന്നു.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും.

10. എൽ. കെ. ജി മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പിലാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

11. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലൈബ്രറി ശാക്തികരണം
7. ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
8. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.
9. പഠനയാത്രകൾ
10. സ്കൂൾ പത്രം, മാസിക.
11. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
12. പ്രവൃത്തി പരിചയ പരിശീലനം
13. കലാ പരിപോഷണം
14. പച്ചക്കറിത്തോട്ടം
15. സാഹിത്യ ശില്പശാലകൾ
16. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
17. ജന്മദിന പുസ്തകം.
18. ചിത്ര രചന ക്യാമ്പ്
19. ശാസ്ത്ര, ഗണിത ശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. മികച്ച വായനശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

6. ക്ലാസ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഭ്യമായ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

7. 'ഒരു ദിനം ഒരു വാക്ക്' പ്രവർത്തനത്തിനായി Spell-bee തയ്യാറാക്കുന്നു.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.

4. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക.
3. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

# പ്രവൃത്തി പരിചയം :

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതരവിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

# കലാപരിശീലനം :

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

# ആരോഗ്യ-കായിക വിദ്യാഭ്യാസം :

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ആ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യ മനോഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5. ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# മലയാളം / പഠനപിന്നോക്കാവസ്ഥ.

പ്രവർത്തനം : 1

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 2

പേര് : എന്റെ വായന

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന (കഥ, കവിത..) | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം - 3

പേര് : അക്ഷരക്കൂട്ടം (വായനകോർണർ)

മേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറിയിലും പ്രത്യേകം വായനാകോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | സ്കൂൾ ലൈബ്രറി കമ്മിറ്റി | 4000 |

പ്രവർത്തനം - 4

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു. ലൈബ്രറി സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | പി.ടി.എ. ക്ലബ്ബുകൾ | |

പ്രവർത്തനം - 5

പേര് : ടാലന്റെൻ പത്ര ക്വിസ്.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടികളിൽ പത്ര വായന ശീലമാക്കുക. | ഓരോ ദിവസവും പത്രത്തിൽ വരുന്ന പ്രധാന കാര്യങ്ങൾ ചോദ്യമാക്കി കുട്ടികൾക്കു നൽകുന്നു. മാസാവസാനം വിജയികളെ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | വായനാക്ലബ്ബ് | |

പ്രവർത്തനം - 6

പേര് : ക്ലാസ്‌തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ്. | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്‌തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം - 7

പേര് : എന്റെ വായനാ കുറിപ്പുകൾ

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (1,2 ക്ലാസിൽ വായനാ കാർഡ്). വായന കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ ലൈബ്രറി ചുമതലയുള്ള ടീച്ചർ | |

പ്രവർത്തനം - 8

പേര് : വിജയസ്പർശം

ഉപമേഖല : വായന, ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും വായന, ലേഖനം എന്നിവ ഉറപ്പിക്കൽ | പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടിയെ കണ്ടെത്തി പ്രത്യേകം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ. | സെപ്തംബർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 9

പേര് : സംയുക്ത ഡയറി, സർഗാത്മക ഡയറി

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ്. | കുട്ടികൾ എല്ലാ ദിവസവും രക്ഷിതാവിന്റെ സഹായത്തോടെ സ്വന്തമായി ഡയറി എഴുതുന്നു. അധ്യാപിക ദിവസവും ഫീഡ്ബാക്ക് നൽകുന്നു. സംയുക്ത ഡയറിയിൽ നിന്നും സർഗാത്മക ഡയറിയിലേക്ക്. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

പ്രവർത്തനം - 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2

പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. ടീച്ചർ ഫീഡ്ബാക്ക് നൽകുക. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക.<br>ജൂൺ – പരിസ്ഥിതി സെപ്തം – ഓണം<br>ആഗസ്റ്റ് – സ്വാതന്ത്ര്യദിനം ഒക്ടോ – ഗാന്ധി | ഓരോ മാസവും | ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ | |

പ്രവർത്തനം - 4

പേര് : സ്പെൽ ബി- ടീ.

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തൽ. | ഓരോ ദിവസവും ഒരു പുതിയ വാക്ക് ട്രീയിൽ എഴുതി ഒട്ടിക്കുന്നു. കുട്ടികൾ Spelling, Meaning പഠിക്കുന്നു. മാസാവസാനം എല്ലാം ചേർത്ത് മത്സരം നടത്തുന്നു. | ഓരോ മാസവും | English club. | |

# ഗണിതം

പ്രവർത്തനം - 1

പേര് : ഗണിത മൂല

ഉപമേഖല : ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ഒരുക്കൽ (മഞ്ചാടി, കളിനോട്ട്, ഡൈസ് കാർഡുകൾ തുടങ്ങിയവ) | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം - 2

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | തുക |
|---|---|---|---|---|
| ഓരോ ക്ലാസിലും നേടേണ്ട ധാരണ കൈവരിച്ചുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പാക്കുന്നു. | ജൂൺ to മാർച്ച് | class Teacher | |

# ഗണിതം

പ്രവർത്തനം - 1

പേര് : ഗണിത മൂല

ഉപമേഖല : ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ഒരുക്കൽ (മഞ്ചാടി, കുളിനോട്ട്, ഡൈസ് കാർഡുകൾ തുടങ്ങിയവ) | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം - 2

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | തുക |
|---|---|---|---|---|
| ഓരോ ക്ലാസിലും നേടേണ്ട ധാരണ കൈവരിച്ചുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പാക്കുന്നു. | ജൂൺ to മാർച്ച് | class Teacher | |

പ്രവർത്തനം - 3

പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല.

ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും കുട്ടികളെ അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ. | SSG | |

പ്രവർത്തനം - 4

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും ഗണന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പരിചയപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | SSG | 1000/- |

# പരിസരപഠനം

പ്രവർത്തനം - 1

പേര് : ഒന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) 3-ാം ക്ലാസ്, 4-ാം ക്ലാസ്

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | ആഴ്ചയിലൊരിക്കൽ സ്കൂൾ അസംബ്ലിയിൽ ഓരോ ക്ലാസുകാരും (3,4) പരീക്ഷണം നടത്തുന്നു. അതിന്റെ കുറിപ്പ് തയ്യാറാക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (വ്യാഴം) | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 2 ഉപമേഖല : അക്കാദമികം / ശാസ്ത്രം.

പേര് : മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (പി.ടി.എ ഫണ്ട്) |

# സർഗവേദി

പ്രവർത്തനം - 1

പേര് : സർഗവേദി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്താൻ നേതൃത്വം - വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 2 ഉപമേഖല - അക്കാദമികം / കലാവിദ്യാഭ്യാസം.

പേര് : ചിത്രരചനക്കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം. | മധ്യവേനൽ അവധിക്കാലം 5 ദിവസം | SRG | 10000/- SDC |

# സാമൂഹികാവബോധം

പ്രവർത്തനം - 1

പേര് : ഫീൽഡ് ട്രിപ്പ്.

ഉപമേഖല : പൊതുസ്ഥാപനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിൽ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2 മേഖല : അക്കാദമികം.

പേര് : ആൽബ്ബപുരാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖല സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ ആൽബ്ബം കുട്ടികൾ ശേഖരിക്കണം. ഓരോ ആൽബ്ബവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം/പദ്ധതി അവയുടെ പ്രവർത്തനം എന്നിവ ആൽബ്ബത്തിന് താഴെ എഴുതണം. | വർഷത്തിൽ ഒരു തവണ | PTA SSG | |

# അറബിക്

പ്രവർത്തനം - 1

പേര് : ലോക ഭാഷ - അറബി ഭാഷ

ഉപമേഖല : അടിസ്ഥാന ശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക.<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ. | ജൂൺ ജൂലായ് | അറബി ടീച്ചർ | |
| | | | | |